**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - തൃശ്ശൂർ നഗരസഭയിൽ എൽ. ഡി ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമനം ലഭിച്ച ശ്രീമതി. മെഹ്റ. സി.ഇ. ബഹ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 2266/2019 നമ്പർ കേസിലെ 14.12.2019 തീയതിലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധ) നം.1675/2020/തസ്വഭവ                തീയതി,തിരുവനന്തപുരം, 16.09.2020

---

പരാമർശം :

1. തൃശ്ശൂർ നഗരസഭയിൽ എൽ. ഡി ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമനം ലഭിച്ച ശ്രീമതി. മെഹ്റ. സി.ഇ. സർക്കാരിൽ സമർപ്പിച്ച നിവേദനം. (അനക്ഷർ A10)
2. ശ്രീമതി. മെഹ്റ.സി.ഇ.ബഹ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 2266/2019 നമ്പർ കേസിലെ 14.12.2019 തീയതിലെ വിധിന്യായം
3. നഗരകാര്യഡയറക്ടറുടെ 09.01.2020 തീയതിയിലെ ഇ 8-35963/2017 നമ്പർ കത്ത്.
4. ജില്ലാ കളക്ടർ, എറണാകുളത്തിന്റെ 12.06.2020 തീയതിയിലെ എ 6/3520/2020 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

കേരള മുനിസിപ്പൽ കോമൺസർവ്വീസിൽ തൃശ്ശൂർ നഗരസഭയിൽ ബൈ-ട്രാൻസ്ഫർ മുഖാന്തരം എൽ. ഡി ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമനം ലഭിച്ച ശ്രീമതി. മെഹ്റ സി.ഇ.പരാമർശം 1പ്രകാരം സർക്കാരിൽ സമർപ്പിച്ച അപേക്ഷയിൽ എറണാകുളം ജില്ലയിൽ താമസക്കാരിയാണെന്നും കാൽമുട്ടിന് ചികിത്സയിലാണെന്നതിനാൽ ദീർഘദൂരം യാത്രചെയ്യുന്നതിന് ബുദ്ധിമുട്ടാണെന്നും ആയതിനാൽ അന്തർജില്ലാമാറ്റം സംബന്ധിച്ച ഉത്തരവുകളിലെ വ്യവസ്ഥകളിൽ ഇളവ് നൽകി എറണാകുളം ജില്ലയിലേക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്നും അപേക്ഷിച്ചിരുന്നു. ഇതേ ആവശ്യവുമായി ടിയാരി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 2266/2019 നമ്പർ കേസിലെ 14.12.2019 തീയതിയിലെ ഉത്തരവുപ്രകാരം സർക്കാരിൽ സമർപ്പിച്ച അനക്ഷർ എ 10 നിവേദനം, ടിയാളുടെ ആരോഗ്യസ്ഥിതി കൂടി പരിഗണിച്ച്, സർക്കാർ പരിശോധിച്ച് രണ്ട് മാസത്തിനുള്ളിൽ ഉത്തരവാകണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. നഗരകാര്യഡയറക്ടറുടെ പരാമർശം 3 പ്രകാരമുള്ള റിപ്പോർട്ടിൽ, 03.01.2014 ലെ സ.ഉ(പി) 1/2014/ഉഭപവ. നം. ഉത്തരവ് പ്രകാരം എൽ.ഡി ക്ലാർക്ക്

തസ്തികയിലേയ്ക്ക് അതാത് വകുപ്പുകളിലെ ക്ലാസ്സ് IV, സബോർഡിനേറ്റ് സർവ്വീസിലെ മറ്റ് താഴ്ന്ന വിഭാഗം ജീവനക്കാർക്കും പി.എസ്.സി മുഖേന നിലവിൽ അനുവദിച്ച 10% തസ്തിക മാറ്റത്തിനു പുറമേ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടവർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന ശമ്പള വിഭാഗം ജീവനക്കാർക്കും (ക്ലാർക്ക്/ടൈപ്പിസ്റ്റ് എന്നീ തസ്തികകളേക്കാൾ താഴ്ന്ന ശമ്പള സ്കെയിലിലുള്ളവർക്ക്) തസ്തികമാറ്റം വഴി അതാത് വകുപ്പുകളിലെ എൽ.ഡി ക്ലാർക്ക്, എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിലേയ്ക്ക് കൂടി യോഗ്യതയുടേയും സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ തസ്തികമാറ്റം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള പ്രായോഗികബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് 19.07.2014-ലെ സ.ഉ(പി) 21/2014/ഉഭപവ. നം. ഉത്തരവ് പ്രകാരം സ്പഷ്ടീകരണ ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്. 27.05.2016-ലെ സ.ഉ(എം.എസ്) 68/2016/തസ്വഭവ. നം. ഉത്തരവ് പ്രകാരം എൽ.ഡി ക്ലാർക്ക്, എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന 10% ഒഴിവുകളിൽ അതാത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, സബോർഡിനേറ്റ് സർവ്വീസിലെ മറ്റ് താഴ്ന്ന വിഭാഗം ജീവനക്കാർ എന്നിവർക്ക് തസ്തികമാറ്റം വഴി നിയമനം നല്കുന്നതിനായി നീക്കിവയ്ക്കുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും, തുടർന്ന് പുറപ്പെടുവിച്ചേക്കാവുന്ന ഉത്തരവുകളും മുനിസിപ്പൽ കോമൺ സർവ്വീസിനും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്. പ്രസ്തുത ഉത്തരവുകൾ പ്രകാരം 10% ഒഴിവുകൾ കണക്കാക്കേണ്ടത് ജില്ലാ തലത്തിലാണ്.

3. മേൽ വിവരിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടറുടെ ഇ 7-12171/12(വാല്യം 2) നം. ഉത്തരവ് പ്രകാരം മുനിസിപ്പൽ കോമൺ സർവ്വീസിലെ ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാർ, മറ്റ് താഴ്ന്ന വിഭാഗം ജീവനക്കാർ എന്നിവരുടെ സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ നിന്നും 29 പേർക്ക് എൽ.ഡി ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിലേക്ക് തസ്തികമാറ്റം നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.. തസ്തികമാറ്റ നിയമനം അനുവദിച്ച ഉത്തരവ് തീയതിയിൽ 294 ഒഴിവുകൾ ഉണ്ടായിരുന്നതിന്റെ അടിസ്ഥാനത്തിലാണ് 29 പേർക്ക് തസ്തികമാറ്റ നിയമനം അനുവദിക്കപ്പെട്ടത്. എറണാകുളം ജില്ലയിൽ ആകെ 52 ഒഴിവുകൾ ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ ടി ഒഴിവുകളുടെ 10% ആയ 5 പേർക്ക് മാത്രമാണ് ടി ജില്ലയിൽ നിയമനം നൽകുവാൻ സാധിക്കുന്നത്. ശ്രീമതി മെഹ്റ തസ്തികമാറ്റത്തിനുള്ള കമ്പയിൻഡ് സീനിയോറിറ്റി ലിസ്റ്റിൽ എറണാകുളം ജില്ലയിൽ നിന്നുള്ള ജീവനക്കാരിൽ അവസാനത്തെ ആളായാണ് ഉൾപ്പെടുന്നത്. ആയതിനാൽ ടിയാരിക്ക് പ്രസ്തുത ജില്ലയിൽ നിയമനം നൽകുവാൻ സാധിക്കുമായിരുന്നില്ല. തസ്തികമാറ്റ നിയമനത്തിനായി സംസ്ഥാനതലത്തിൽ തയ്യാറാക്കിയിട്ടുള്ള സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ നിന്നും സീനിയോറിറ്റിയുടേയും വിവിധ ജില്ലകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെയും 10 ശതമാനത്തിന്റേയും അടിസ്ഥാനത്തിൽ തസ്തികമാറ്റ നിയമനം നടത്തുമ്പോൾ അതാത് ജില്ലയിലുള്ള എല്ലാ ജീവനക്കാർക്കും അതാത് ജില്ലയിൽ തന്നെ നിയമനം നല്കുക എന്നത് പ്രായോഗികമല്ലാത്തതാണ്. എന്നിരുന്നാൽ ത്തന്നെയും സീനിയോറിറ്റി ലിസ്റ്റിലെ സീനിയോറിറ്റി ക്രമത്തിന്റെയും ജില്ലാ അടിസ്ഥാനത്തിൽ തസ്തികമാറ്റം അനുവദിക്കാവുന്ന തസ്തികകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലും കഴിയുന്നത്ര ജീവനക്കാർക്ക് അതാത്

ജില്ലകളിൽ തന്നെ നിയമനം നൽകിയിട്ടുണ്ട്. തസ്തികമാറ്റ നിയമനം സംബന്ധിച്ച് 28.05.2015-ലെ സ.ഉ(പി) 16/2015/ഉഭപവ. നം. ഉത്തരവ് പ്രകാരം എൽ. ഡി ക്ലാർക്ക്, എൽ. ഡി ടൈപ്പിസ്റ്റ് തസ്തികകളിലേയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നേരിട്ടുള്ള നിയമനം നടത്തുന്നത് ജില്ലാതലത്തിലായതിനാൽ സീനിയോറിറ്റി സംസ്ഥാന തലത്തിൽ കണക്കാക്കി ടി തസ്തികകളിൽ തസ്തികമാറ്റം ലഭിക്കുന്നവരുടെ കാര്യത്തിൽ അവർക്ക് ടി തസ്തികയിൽ നിയമനം ലഭിക്കുന്ന ജില്ല അവർ തിരഞ്ഞെടുക്കുന്ന ജില്ലയായി കണക്കാക്കേണ്ടതും ടി ജില്ലയിൽ നിന്നുള്ള സ്ഥലമാറ്റങ്ങൾ അന്തർ ജില്ല സ്ഥലംമാറ്റങ്ങൾ സംബന്ധിച്ച നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം മാത്രം അനുവദിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. മെഹ്റയുടെ എറണാകുളം ജില്ലയിലേക്കുള്ള സ്ഥലംമാറ്റ അപേക്ഷ നിരസിച്ചിട്ടുള്ളതാണ് എന്നും നഗരകാര്യഡയറക്ടർ അറിയിക്കുന്നു.

4. കൂടാതെ 28.01.2019-ലെ ഇ.7-12171/2012 (വാല്യം 2) നം. ഉത്തരവ് പ്രകാരം തിരുവനന്തപുരം നഗരസഭയിൽ നിന്നും ബൈട്രാൻസ്ഫർ മുഖാന്തിരം കൊല്ലം നഗരസഭയിൽ എൽ. ഡി ക്ലാർക്ക് /ബിൽ കളക്ടർ തസ്തികയിൽ നിയമനം നൽകിയിരുന്ന ശ്രീമതി. ബിന്ദു, ശ്രീ. എസ്. രാജൻ എന്നിവർക്ക് തിരുവനന്തപുരം നഗരസഭയിലേക്ക് സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവായിരുന്നതായും ടി ജീവനക്കാർ ഭിന്നശേഷി വിഭാഗത്തിൽ പ്പെട്ടതിനാലാണ് ടിയാളുകൾക്ക് സ്ഥലംമാറ്റം അനുവദിച്ചത് എന്നും നഗരകാര്യഡയറക്ടർ അറിയിച്ചിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിലുള്ള വ്യവസ്ഥപ്രകാരം അതാത് ജില്ലകളിൽ 5 വർഷസേവനം പൂർത്തിയാക്കിയവർക്കു മാത്രമേ അന്തർജില്ലാ സ്ഥലംമാറ്റത്തിന് അർഹതയുള്ളൂ. തസ്തികമാറ്റ നിയമനം സംബന്ധിച്ച് 28.05.2015-ലെ സ.ഉ(പി) 16/2015/ഉഭപവ. നം. ഉത്തരവ് പ്രകാരം എൽ. ഡി ക്ലാർക്ക്, എൽ. ഡി ടൈപ്പിസ്റ്റ് തസ്തികകളിലേയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നേരിട്ടുള്ള നിയമനം നടത്തുന്നത് ജില്ലാതലത്തിലായതിനാൽ സീനിയോറിറ്റി സംസ്ഥാന തലത്തിൽ കണക്കാക്കി ടി തസ്തികകളിൽ തസ്തികമാറ്റം ലഭിക്കുന്നവരുടെ കാര്യത്തിൽ അവർക്ക് ടി തസ്തികയിൽ നിയമനം ലഭിക്കുന്ന ജില്ല അവർ തിരഞ്ഞെടുക്കുന്ന ജില്ലയായി കണക്കാക്കേണ്ടതും ടി ജില്ലയിൽ നിന്നുള്ള സ്ഥലമാറ്റങ്ങൾ അന്തർ ജില്ല സ്ഥലംമാറ്റങ്ങൾ സംബന്ധിച്ച നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം മാത്രം അനുവദിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

6. അന്തർ ജില്ല സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട 02.02.1991-ലെ ജി.ഒ.(പി) നം.36/1991/ഉ.ഭ.പ.വ.-നമ്പർ ഉത്തരവിലെ വ്യവസ്ഥപ്രകാരം, ജില്ലാ കളക്ടറുടെ റിപ്പോർട്ട് പ്രകാരം പരിശോധിച്ചതിൽ, എല്ലാ ദിവസവും തൃശ്ശൂർവരെ പോയി ജോലി ചെയ്യുകയെന്നുള്ളത് പ്രയാസമുള്ള കാര്യമായതിനാൽ ടിയാളുടെ അപേക്ഷ പരിഗണിക്കുവാനാണ് ശിപാർശ ചെയ്തിരിക്കുന്നത്. എന്നാൽ പ്രസ്തുത റിപ്പോർട്ട് പ്രകാരം നിലവിലുള്ള വ്യവസ്ഥയിൽ ഇളവ് വരുത്തി അനുകമ്പാർഹമായ സാഹചര്യം കണക്കിലെടുത്ത് അന്തർ ജില്ല സ്ഥലംമാറ്റം നൽകുവാൻ നിലവിലുള്ള വ്യവസ്ഥപ്രകാരം

നിർവ്വാഹമില്ലാത്തതാണ്. മേൽ സാഹചര്യത്തിൽ എറണാകുളം ജില്ലയിലേക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്ന അനക്ഷർ എ 10 നിവേദനത്തിലെ ശ്രീമതി. മെഹ്റ. സി.ഇ,-യുടെ ആവശ്യം നിരസിച്ച് ഉത്തരവാകുന്നു.

8. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ-ന്റെ 14.11.2019 തീയതിലെ ഉത്തരവിലെ നിർദ്ദേശം മേൽ പ്രകാരം നടപ്പിലാക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**രമണി മാത്യൂ**

അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം.( ആമുഖ കത്ത് സഹിതം)

ശ്രീമതി. മെഹ്റ. സി.ഇ, എൽ. ഡി ക്ലാർക്ക്/ബിൽ കളക്ടർ,തൃശ്ശൂർ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ